(4) മൃഗശാലയ്ക്കകത്തുള്ള കുളം ജലപക്ഷികളെ പാർപ്പിക്കുവാൻ വേണ്ടി സജ്ജമാക്കുക.

(5) പൊന്നിൻ വിലയ്ക്കെടുത്ത പ്രദേശത്ത് റോഡുകളുടെ നിർമ്മാണം.

(6) മൃഗാശുപത്രിയിൽ ഓപ്പറേഷൻ തീയേറ്റർ ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയവ.

തൃശ്ശൂർ മൃഗശാലയുടെ സ്ഥലപരിമിതിമൂലം കൂടുതൽ വികസനം അസാദ്ധ്യമായിരിക്കുകയാണ്. എന്നിരുന്നാലും നിലവിലുള്ള സ്ഥലസൗകര്യങ്ങൾ ഉപയോഗപ്പെടുത്തി താഴെപ്പറയുന്ന വികസനപ്രവർത്തനങ്ങൾ നടത്തിവരുന്നു.

(1) പക്ഷിക്കൂടുകളുടെ നവീകരണം.

(2) കാട്ടുപന്നിക്കൂട്ടിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

(3) പെലിക്കൻ പക്ഷിക്കൂടിന്റെ ആധുനികവത്ക്കരണം.

(4) സിംഹവാലൻ കുരങ്ങുകളുടെ കൂടുകളുടെ നവീകരണം.

(ഡി) 1991 മുതൽ 1995 വരെ തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിലേയ്ക്ക് കൊണ്ടുവന്നിട്ടുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും വിവരം അനുബന്ധം യഥാക്രമം 1, 2 ആയി വച്ചിട്ടുണ്ട്†.

(ഇ) ഇന്ത്യയിലെ മറ്റു മൃഗശാലകളുമായും (ഡൽഹി, മൈസൂർ, മദ്രാസ്, ആസാം) സെൻട്രൽ സൂ അതോറിറ്റിയുമായും കത്തിടപാടുകൾ നടത്തിവരുന്നു. നവീനരീതിയിലുള്ള മൃഗക്കൂടുകളുടെ അപര്യാപ്തത കാരണം പുതിയ മൃഗങ്ങളെ കൊണ്ടുവരുന്നതിന് സെൻട്രൽ സൂ അതോറിറ്റി അനുമതി നൽകുന്നില്ല. കൂടുകളുടെ നവീകരണം പൂർത്തിയാക്കുന്നതോടൊപ്പം പുതിയ മൃഗങ്ങളെ കൊണ്ടുവരുന്നതിനും ഇണയില്ലാത്ത മൃഗങ്ങൾക്ക് ഇണകളെ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എറണാകുളത്തെ ഗവൺമെന്റ് പ്രസ്സ്

20 (2000) ശ്രീ. കെ. ബാബു : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളത്ത് പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്ന സർക്കാർ പ്രസ് തൃക്കാക്കരയിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന് ഭരണാനുമതി നൽകിയത് എന്നാണ് എന്നറിയിക്കുമോ ;

(ഡി) പ്രസ്തുത കെട്ടിടം പണിയുവാൻ ഭരണാനുമതി എസ്.എസ്.റ്റി.എസ് എന്നിവ നല്കിയത് എന്നാണ് എന്നറിയിക്കുമോ ;

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിന്റെ ടെണ്ടർ ക്ഷണിച്ചത് എന്നാണ് ;

(എഫ്) ഇതിന് എത്ര രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത് ;

(ജി) കെട്ടിട നിർമ്മാണത്തിന്റെ കരാറിന് വിരുദ്ധമായി കെട്ടിടത്തിന്റെ ഏതെങ്കിലുമൊരു ഭാഗം ഒഴിവാക്കിയിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ ഒഴിവാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഐ) എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ജെ) എന്നാണ് പ്രസ്തുത കെട്ടിടനിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്നത് ;

(കെ) ആയത് എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ;

(എൽ) ഈ പ്രസ്സിൽ പുതിയ യന്ത്രോപകരണങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എം) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എൻ) അതിനുവേണ്ടി ബഡ്ജറ്റിൽ എത്ര രൂപ വകകൊള്ളിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ കെട്ടിടത്തിന്റെ ബ്ലോക്ക് ഒന്ന്, രണ്ട് എന്നിവയുടെ രണ്ട് നിലകളുടേയും ബ്ലോക്ക് മൂന്ന്, നാല് എന്നിവയുടെ ഒരു നിലയുടേയും സ്ട്രക്ചറൽ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) 23-11-1993-ലാണ് ഭരണാനുമതി നൽകിയത്.

(ഡി) 7-7-1995-ൽ സ്പെഷ്യൽ സാങ്ഷനും 29-1-1996-ൽ ടെക്നിക്കൽ സാങ്ഷനും നല്കിയിട്ടുണ്ട്.

(ഇ) 8-2-1996-ൽ

(എഫ്) 2 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്.

(ജി) ഇല്ല.

(എച്ച്&ഐ) പ്രസ്സിന്റെ കെട്ടിടം പണിയുടെ പ്ലാൻ തയ്യാറാക്കിയത് ലെറ്റർപ്രസ്സ് സമ്പ്രദായം നിലനിന്നകാലത്താണ്. ഇപ്പോൾ സർക്കാർ പ്രസ്സുകൾ കംപ്യൂട്ടർവത്ക്കരിക്കുകയും ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നതിനാൽ പുതിയ കെട്ടിടത്തിന് നേരത്തേ നിശ്ചയിച്ചിരുന്നതിനേക്കാൾ സ്ഥലം കുറച്ചുമതിയാകും. ഇതു സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ച് വരുന്നു.

(ജെ&കെ) ആവശ്യമായ ഫണ്ട് ലഭ്യമായാൽ 2000-2001 സാമ്പത്തിക വർഷത്തിൽ നിർമ്മാണം പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എൽ) ഉണ്ട്.

(എം) പുതിയതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന യന്ത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു†.

(എൻ) ഇതിനുവേണ്ടി 1999-2000 വർഷത്തെ ബഡ്ജറ്റിൽ പ്രത്യേകം തുകയൊന്നും വകയിരുത്തിയിട്ടില്ല.

കേരള വിദ്യാഭ്യാസ നിയമപരിഷ്ക്കരണ സമിതിയുടെ പ്രവർത്തനം

21 (2001) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വിദ്യാഭ്യാസനിയമം കെ. ഇ. ആർ. പരിഷ്ക്കരിക്കുന്നതിന് നിയമിച്ച കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പരിഷ്ക്കരിച്ച കെ.ഇ.ആർ. എപ്പോൾ നിലവിൽ വരുന്നതാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ,ബി&സി) കെ.ഇ.ആർ. പരിഷ്ക്കരണ കമ്മിറ്റിയുടെ പ്രവർത്തനം അതിന്റെ അന്തിമഘട്ടത്തിലാണ് മാർച്ച് 31-ന് മുമ്പ് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കും. കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ട് വിശദമായി പഠിച്ച് ആവശ്യമായ നിയമനടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

സ്കൂളുകളുടെ സുഗമമായ നടത്തിപ്പിന് നടപടി

22 (2002) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് 37-ാം വാർഷിക സമ്മേളനം അംഗീകരിച്ച പ്രമേയം സർക്കാരിന് സമർപ്പിച്ചുവോ ;

(ബി) പ്രമേയം രണ്ടിൽ പറയുന്ന വിഷയങ്ങളെ സംബന്ധിച്ച വിശദമായ പരിശോധന നടത്തിയോ ;

(സി) സ്കൂൾ വർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങളും അദ്ധ്യാപക സഹായികളും ലഭ്യമാക്കാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) ഇതിന്റെ പുരോഗതി ജനങ്ങളെ അറിയിക്കാൻ സംവിധാനം ഉണ്ടാക്കുമോ ;

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[9-3-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 20 (2000)-ന്റെ 'എം' ഉത്തരം ദയവായി കാണുക]

1.	web offset - 3 Nos	-	30 KW
2.	Double colour 0/s - 2 Nos	-	20 KW
3.	Offset RA2 size - 4 Nos	-	30 KW
4.	Offset A3 size - 1 No	-	5 KW
5.	Cutting machine 4 Nos	-	40 KW
6.	Cutting machine 3 way 1 No	-	5 KW
7.	Binding machine 2 Nos (Auto) 10 clamp	-	6 KW
8.	Gathering machine 1 No	-	5 KW
9.	Laminating machine 1 No	-	1 KW
10.	Stitching machine 4 Nos	-	4 KW
11.	Molding machine 1 No	-	1 KW
12.	Thread sewing plate making 1 No	-	1 KW
13.	Printing Down Frame 2 Nos	-	2.5 KW
14.	Camera 1 No	-	1 KW
15.	D.T.P. 4 Nos	-	1 KW
16.	Re touching	-	0.5 KW
17.	Air conditioner (L.S.)	-	7.5 KW
18.	Plate proceessor	-	0.5 KW
19.	Lights and Pane (L.S.)	-	20 KW
20.	D.T.P. Scaner	-	1 KW
21.	Workshop machines (L.S)	-	10 KW
			192 KW

LIBRARY ARCHIVES Kerala Legislative Assembly